(ഡി) ഉണ്ട്. സമഗ്രമായ ആധുനികവൽക്കരണവും നവീകരണവും ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്ന പ്രധാന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. Kerala State Textile Corporation Ltd.
2. Travancoer Titanium Products Limited.
3. Kerala State Drugs & Pharmaceuticals Limited.
4. Kerala State Bamboo Corporation Ltd.
5. The Metal Industries Limited.
6. Steel & Industrial Foreigns Limited.
7. Kerala Minerals & Metals Limited.
8. KELTRON Electro Ceramics Limited

ഇത് കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന 5 പുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

1. Malabar Spinning & Weaving Mills Limited, KSTC.
2. Trivandrum Spinning Mills.
3. Kerala Soaps Unit.
4. TEXFED.
5. AUTOKAST.

ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട് പ്രാവർത്തികമാക്കാനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

150 (2180) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട് പ്രാവർത്തികമാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പ്രോജക്ട് പ്രവർത്തനക്ഷമമാക്കുന്നതുവഴി സംസ്ഥാനത്തെ വ്യവസായ വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നാണ് കരുതുന്നത് ;

(സി) കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത് എന്നറിയിക്കുമോ ;

(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുംമുമ്പ് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ്വരെ ഉദ്ദേശം 650 കി.മീ. ദൂരം ബന്ധിപ്പിക്കുന്ന സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട അതിവേഗ റെയിൽ കോറിഡോർ പ്രോജക്ട് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സാദ്ധ്യതാപഠനം നടത്തുന്നതിലേക്ക് ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ പഠന റിപ്പോർട്ടിന്റെ കരട് രൂപം രണ്ടുമാസത്തിനകം സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇത്തരം പ്രോജക്ട് പ്രവർത്തനക്ഷമമാക്കുന്നതുവഴി സംസ്ഥാനത്തിന്റെ വ്യാവസായികവും വാണിജ്യപരവുമായ വികസനത്തിൽ വൻപിച്ച മുന്നേറ്റമായിരിക്കും ഉണ്ടാവുകയെന്ന് കണക്കാക്കുന്നു. ഇതോടൊപ്പം ലോകോത്തര റെയിൽ യാത്രാ സൗകര്യവും ഉറപ്പാക്കുന്നതാണ്. കൂടാതെ സംസ്ഥാനത്ത് ഇപ്പോൾ കണ്ടുവരുന്ന ഗതാഗതക്കുരുക്കുകളും റോഡ് അപകടങ്ങൾമൂലം ഉണ്ടാകുന്ന മരണ നിരക്കുകളും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുടക്കത്തിൽ ഈ പദ്ധതി മണിക്കൂറിൽ പരമാവധി 200-250 കി.മീ. വേഗത്തിൽ ഓടുന്ന ട്രെയിൻ രണ്ടുമൂന്നു വർഷത്തിനകം മണിക്കൂറിൽ 350 കിമീ. വരെ വേഗം കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി ഏറ്റവും നന്നായി പ്രവർത്തിച്ചു തുടങ്ങുമ്പോൾ പ്രതിദിനം 50 ട്രെയിൻ സർവ്വീസ് വരെ നടത്തുവാൻ സാധിക്കും. അതുവഴി കൂടുതൽ യാത്രാസൗകര്യങ്ങളും ജനങ്ങളുടെയും ചരക്കു തീവണ്ടികളുടെയും കൂടുതൽ നീക്കത്തിനും സാമ്പത്തിക മുന്നേറ്റത്തിനും കാരണമാകുന്നു.

(സി) കൊച്ചി കോയമ്പത്തൂർ ഇൻസ്ട്രിയൽ കോറിഡോറിന്റെ പ്രവർത്തനം ഇപ്പോൾ പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ട് ചെയ്യുന്ന ഘട്ടത്തിലാണ്.

(ഡി) വ്യവസായ പാർക്കുകൾ, ഫ്രൈറ്റ് കോറിഡോർ തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുംമുമ്പ് ഈ പ്രോജക്ടിന്റെ പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായമേഖലയ്ക്ക് നൽകുന്ന പുരസ്കാരങ്ങൾ

151 (2181) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ സമഗ്ര സംഭാവനകൾ നൽകുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സർക്കാർ പുരസ്കാരം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) ഇതിനായി തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) തെരഞ്ഞെടുപ്പ് സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതുവരെ ഈ പുരസ്കാരത്തിന് അർഹരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ മേഖലയിൽ സമഗ്ര സംഭാവനകൾ നൽകുന്ന വ്യക്തികൾക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ആയുഷ്ക്കാല പ്രവർത്തനങ്ങളെ വിലയിരുത്തിയാണ്. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നത്. തൊഴിൽ നൽകിയവരുടെ എണ്ണം, ടാക്സ് അടച്ച തുക, സാമൂഹിക പ്രതിബദ്ധത, സംരംഭകരെ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കയറ്റുമതി രംഗത്തെ സംഭാവനകൾ, പൊതു സമൂഹത്തിനുള്ള സംഭാവനകൾ തുടങ്ങിയവ കണക്കിലെടുത്താണ് അവാർഡിന് അർഹനായ വ്യക്തികളെ തെരഞ്ഞെടുക്കുന്നത്.

(ഡി) വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും വ്യവസായ വകുപ്പ് സെക്രട്ടറിയും വ്യവസായ വകുപ്പ് ഡയറക്ടറും ചേമ്പർ ഓഫ് കൊമേഴ്സിന്റെയോ/കെ.എസ്.എസ്.ഐ.എ.യുടെ ഒരു പ്രതിനിധിയും അടങ്ങുന്ന സമിതിയാണ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നത്.

(ഇ) 2009-10 വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ശ്രീ. എം. സി. ജേക്കബ്, ഗ്രൂപ്പ് ഫൗണ്ടർ, കിറ്റക്സ് ഗ്രൂപ്പ് എറണാകുളത്തിന് നൽകി.

LIBRARY ARCHIVES Kerala Legislative Assembly